# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5810 — 27-10-2011 ൽ മറുപടിയ്ക്ക്

## നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.എസ്.സലീഖ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൃഷിഭവൻ മുഖേന പൊതുജന പങ്കാളിത്തത്തോടെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാന ഗവൺമെന്റിന്റെ കാർഷിക മേഖലയിലെ എല്ലാ പ്രവർത്തനങ്ങളും കൃഷിഭവനുകൾ വഴി പൊതുജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഗ്രൂപ്പ് ഫാമിംഗ്, തരിശുനില കൃഷി എന്നിവയും സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കരനെൽകൃഷി, വനിതാ ഗ്രൂപ്പുകൾ വഴിയുള്ള തരിശുഭൂമികൃഷി, പൊതു ഞാറ്റടി എന്നീ പദ്ധതികളും പൊതുജന പങ്കാളിത്തത്തോടുകൂടി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപ്പഞ്ചായത്തുകൾക്ക് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. |
| (ബി) | ഇതിനായി നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നൂതന സാങ്കേതിക വിദ്യകളായ ഒറ്റഞാർ കൃഷി, ശാസ്ത്രീയ കൃഷി പ്രോത്സാഹനം, പുതിയ വിത്തിനങ്ങളുടെ കൃഷി പ്രോത്സാഹനം എന്നീ പദ്ധതികൾ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മാക്രോ മാനേജ്മെന്റു പ്രകാരമുള്ള നെൽകൃഷിവികസനം, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ, ആത്മ എന്നീ പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | ഈ മേഖലയിൽ പ്രാവിണ്യം തെളിയിച്ചവർക്ക് നിലവിൽ എന്തെല്ലാം അംഗീകാരങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | നെൽകൃഷി മേഖലയിൽ പ്രാവീണ്യം തെളിയിക്കുന്ന പാടശേഖരങ്ങളെ ഓരോ വർഷവും സംസ്ഥാന സർക്കാർ നെൽക്കതിർ അവാർഡും രണ്ടുലക്ഷം രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും നൽകി ആദരിച്ചുവരുന്നു. നെൽകർഷകർക്കുവേണ്ടി കർഷക പെൻഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇവയ്ക്കുപുറമേ, ഓരോ വർഷവും കൃഷിഭവൻ തലത്തിൽ നടത്തുന്ന കർഷകദിനാചരണത്തോടു ചേർന്ന് മികച്ച നെൽകർഷകർക്ക് പൊന്നാട നൽകി ആദരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ